രക്ഷയുടെ പാതയിൽ–3



3

# ജീവദാതാവായ ദൈവം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം




1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .


പാഠം 7

# കല്പനകൾ : ജീവന്റെ വഴികൾ



ഇസ്രായേൽക്കാർ ഈജിപ്തിൽ നിന്ന് കാനാൻദേശം ലക്ഷ്യമാക്കിയുള്ള യാത്ര തുടർന്നു. മോശ യായിരുന്നു അവരുടെ നേതാവ്. ദീർഘനാളത്തെ യാത്രയ്ക്കുശേഷം അവർ സീനായ് മരുഭൂമിയിലെത്തി. അവർ സീനായ് മലയുടെ മുൻഭാഗത്ത് പാളയമടിച്ചു.






കർത്താവ് സീനായ് മലമുകളിൽ ഇറങ്ങിവന്ന് മോശയെ മലമുകളിലേക്ക് വിളിച്ചു. അവൻ കയറിച്ചെന്നു. അപ്പോൾ അവിടുന്ന് അരുളിച്ചെയ്തു. നീ ഇറങ്ങിച്ചെന്ന് ഇസ്രായേൽ ജനത്തോടു പറയുക: ഞാൻ എത്രവലിയ അത്ഭുതങ്ങൾ പ്രവർത്തിച്ചാണ് ഈജിപ്തുകാരുടെ അടിമത്തത്തിൽ നിന്ന് നിങ്ങളെ രക്ഷിച്ചതെന്ന്, നിങ്ങൾ കണ്ടുകഴിഞ്ഞു. ഈജിപ്തു കാരോട് ഞാൻ ചെയ്തതെന്തെന്നും കഴുകൻമാരുടെ ചിറകുകളിൽ സംവഹിച്ച് ഞാൻ നിങ്ങളെ എങ്ങനെ എന്റെ അടുക്കലേക്ക് കൊണ്ടുവന്നെന്നും നിങ്ങൾ അറിയുന്നു. ആകയാൽ നിങ്ങൾ എന്റെവാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാജനങ്ങളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും (പുറപ്പാട് 19:5-6).



മോശ മലയിൽനിന്നു താഴെയിറങ്ങി ജനത്തിന്റെ ശ്രേഷ്ഠന്മാരെ വിളിച്ച് കർത്താവ് കല്പിച്ച കാര്യങ്ങളെല്ലാം ജനങ്ങളെ അറിയിച്ചു. ജനം ഏകസ്വരത്തിൽ പറഞ്ഞു: **കർത്താവ് കല്പിക്കുന്നതെല്ലാം ഞങ്ങൾ ചെയ്തുകൊള്ളാം**. ജനത്തിന്റെ ഈ മറുപടി മോശ കർത്താവിനെ അറിയിച്ചു.





മോശയോടു സംസാരിച്ചതിനുശേഷം രണ്ടു കല്പലകകളിലായി പത്തുലക്പനകൾ എഴുതി ദൈവം മോശയ്ക്കു നല്കി.

കർത്താവു നൽകിയ ഈ കല്പനകളെയാണ് ദൈവകല്പനകൾ അഥവാ പത്തുപ്രമാണങ്ങൾ എന്നു വിളിക്കുന്നത്.



# പത്തു കല്പനകൾ

**1**

നിന്റെ കർത്താവായ ദൈവം ഞാനാകുന്നു.
ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.

**2**

ദൈവത്തിന്റെ തിരുനാമം വൃഥാ പ്രയോഗിക്കരുത്.

**3**

കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം.

**4**

മാതാപിതാക്കന്മാരെ ബഹുമാനിക്കണം.

5

കൊല്ലരുത്.

6

വ്യഭിചാരം ചെയ്യരുത്.

7

മോഷ്ടിക്കരുത്.

8

കള്ളസാക്ഷി പറയരുത്.

9

അന്യന്റെ ഭാര്യയെ മോഹിക്കരുത്.

10

അന്യന്റെ വസ്തുക്കൾ മോഹിക്കരുത്.



ഈ പത്തു കല്പനകൾ രണ്ടു കല്പനകളിൽ സംഗ്രഹിക്കാം.

1. **എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം.**
2. **തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കണം.**

ജീവനിലേക്കുള്ള വഴികളാണ് ദൈവകല്പനകൾ. ഈ കല്പനകൾ പാലിച്ചുകൊണ്ട് നാം ജീവിക്കണം. എങ്കിൽമാത്രമേ ദൈവികജീവനിൽ വളരുവാൻ നമുക്കു സാധിക്കുകയുള്ളൂ.

**സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കിയുള്ള നമ്മുടെ യാത്രയിൽ ശരിയായ വഴികാണിക്കാൻ കല്പനകൾ സഹായിക്കുന്നു.**

**ജീവിതത്തിൽ ചെയ്യേണ്ട കാര്യങ്ങളും ചെയ്യരുതാത്ത കാര്യങ്ങളും ഏവയെന്ന് പഠിപ്പിക്കുന്നവയാണ് ദൈവകല്പനകൾ.**

# നമുക്കുപ്രാർത്ഥിക്കാം

ഇസ്രായേൽ ജനത്തിനു കല്പനകൾ നൽകിയ സ്നേഹപിതാവായ ദൈവമേ, അങ്ങയുടെ കല്പനകൾ പാലി ച്ചുജീവിക്കുവാനുള്ള അനുഗ്രഹം എനിക്ക് നല്കണമേ.



# നമുക്കു പാടാം



സീനായ് മലയിലിറങ്ങിവന്നു
സ്നേഹാൽ ഉടമ്പടി വച്ചു ദൈവം
എന്റെ ഉടമ്പടി പാലിച്ചെന്നാൽ
നിങ്ങളെനിക്കെന്നും സ്വന്തം ജനം.

പത്തു പ്രമാണങ്ങൾ തന്നു ദൈവം
മാനവമക്കൾക്കു കാവലായി
ജീവിതയാത്രതൻ ലക്ഷ്യമെത്താൻ
പാലിക്ക നിത്യവും കല്പനകൾ.

# മനഃപാഠമാക്കുക

**പത്തു കല്പനകൾ**



# എന്റെ തീരുമാനം

**ദൈവകല്പനകൾ പാലിച്ചുകൊണ്ട്**
**ഞാൻ എന്നും ജീവിക്കും.**

Thank you